മഹാരാജാ സ്വാതിതിരുനാളിന്റെ മോഹിനിയാട്ടപദങ്ങളിലെ സംസ്കൃതത്തിന്റെ സ്ഥാനവും ഇതരകൃതികളുടെ സ്വാധീനവും ഒരു പഠനം

അധ്യായം ഒന്ന്

മഹാരാജാ സ്വാതിതിരുനാൾ - ചരിത്രപശ്ചാത്തലം

തിരുവിതാംകൂർ രാജാക്കന്മാരിൽ ഹ്രസ്വമായ ജീവിതകാലം അർഥദീർഘമാക്കി അനശ്വരയശസ്സാർജിച്ച ബഹുമുഖപ്രതിഭയായിരുന്നു മഹാരാജാ സ്വാതി തിരുനാൾ. പതിനാറാമത്തെ വയസ്സിൽ തിരുവിതാംകൂറിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത് മുപ്പത്തിമൂന്നാമത്തെ വയസ്സിൽ കാലയവനികയ്ക്കുള്ളിൽ മറയുന്നതുവരെയുള്ള പതിനെട്ടു വർഷക്കാലത്തെ അദ്ദേഹത്തിന്റെ ഭരണപ്രവർത്തനങ്ങൾ. '**മുഹൂർത്തം ജ്വലിതം ശ്രേയഃ, ന ധൂമായിതം ചിരം**' എന്ന ചൊല്ല് സ്വാതിതിരുനാളിനെ സംബന്ധിച്ച് എത്രത്തോളം സാർഥകമായിരുന്നു?

ഭരണനിപുണൻ, പ്രജാക്ഷേമതത്പരൻ, കവി, കലാപോഷകൻ, വിദ്വജ്ജനപ്രോത്സാഹകൻ, വാഗ്ഗേയകാരൻ എന്നിങ്ങനെ ഒന്നിനൊന്നു മെച്ചമായ ബഹുമുഖവൈശിഷ്ട്യങ്ങളുള്ളതിൽ മഹാരാജാ സ്വാതിതിരുനാളിനെ അനശ്വരനും അവിസ്മരണീയനുമാക്കുന്നത് അദ്ദേഹത്തിന്റെ സംഗീതകൃതികളാണ് എന്ന അഭിപ്രായം എത്രകണ്ട് ശരിയാണ്? ഒരന്വേഷണം.

ജനനവും ബാല്യവും

1813 ഏപ്രിൽ 16-ാം തീയതി റാണി ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടിയുടെയും ചങ്ങനാശ്ശേരി രാജരാജവർമ കോയിത്തമ്പുരാന്റെയും രണ്ടാമത്തെ സന്താനമായി ഭൂജാതനായ മഹാരാജാ സ്വാതിതിരുനാളിന്റെ ബാല്യം.

ഗർഭശ്രീമാൻ

'ഗർഭശ്രീമാൻ' എന്ന വിശേഷണത്തിന്റെ പൊരുൾ, സ്വാതിതിരു-നാളിന്റെ നാമകരണം.

വിദ്യാഭ്യാസം/സംസ്കൃതപഠനം

തിരുവിതാംകൂർ രാജാക്കന്മാരുടെ വിദ്യാഭ്യാസസമ്പ്രദായം. ഭാഷാപഠനത്തിനും ശാസ്ത്രപഠനത്തിനും നല്കിയിരുന്ന പ്രാധാന്യം. തർക്കം, വ്യാകരണം, അലങ്കാരം, കാവ്യം, നാടകം തുടങ്ങിയ ശാസ്ത്രങ്ങളിലും ശാസ്ത്രശാഖകളിലും മാത്രമല്ല, രാജ്യഭരണത്തിനുള്ള അറിവും കൂടാതെ സംസ്കൃതഭാഷയിലുള്ള അസാമാന്യമായ പാടവവും സ്വാതിതിരുനാളിന് ലഭിച്ച സാഹചര്യം. പതിനെട്ടുഭാഷകളിൽ അദ്ദേഹം സാഹിതീസപര്യ നടത്തിയിരുന്നതായുള്ള പരാമർശം.

കലാഭിരുചി

സുകുമാരകലകളിലും സംഗീതനൃത്താദികളിലുമുള്ള സ്വാതിതിരുനാളിന്റെ ആഭിമുഖ്യം. അനുഗൃഹീതകവിയും വയസ്യനുമായ കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ, സർവകലാവല്ലഭനും മാതുലസ്ഥാനീയനുമായ ഇരയിമ്മൻ തമ്പി എന്നിവരുടെ സ്വാധീനം, അനുകൂലസാഹചര്യങ്ങൾ എന്നിവ സ്വാതിതിരുനാളിന് എത്രമാത്രം ഗുണകരമായി. കലാപോഷകൻ, വിദ്വജ്ജനപ്രോത്സാഹകൻ എന്നീ നിലകളിൽ മഹാരാജാ സ്വാതിതിരുനാൾ രാജാധി-കാരമേറ്റതിനുശേഷം സംഗീതജ്ഞന്മാരോടും വിദ്വാന്മാരോടും പുലർത്തിയിരുന്ന ബന്ധം.

സ്ഥാനാരോഹണം

സ്വാതിതിരുനാളിന് പതിനാറുവയസ്സു തികഞ്ഞ 1829 ഏപ്രിൽ 20-ാം തീയതി, അദ്ദേഹത്തിന്റെ സ്ഥാനാരോഹണവും പ്രജാക്ഷേമം മുൻ നിർത്തിയുള്ള ഭരണവും.

ദാമ്പത്യം

1830 സെപ്റ്റംബർ ഒന്നിന് തിരുവട്ടാർ അമ്മവീട്ടിലെ നാരായണിപ്പിള്ള തങ്കച്ചിയെ പട്ടും പരിവട്ടവും നല്കി പ്രേയസിയായി സ്വീകരിച്ചു. തുടർന്നുള്ള ദാമ്പത്യദീവിതം. സന്തതികൾ.

വാഗ്ഗേയകാരൻ

ത്യാഗരാജ സ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമാ ശാസ്ത്രികൾ എന്നീ സംഗീതത്രിമൂർത്തികളായ വാഗ്ഗേയകാരന്മാരുമായി താരതമ്യം ചെയ്യുമ്പോൾ വാഗ്ഗേയകാരൻ എന്ന നിലയിൽ സ്വാതിതിരുനാളിന്റെ സ്ഥാനം. കർണാടകസംഗീതസമ്പ്രദായത്തിലും ഹിന്ദുസ്ഥാനിസംഗീതസമ്പ്രദായത്തിലുമുള്ള പദ, വർണ, കീർത്തനാദികളിലായി മലയാളം, സംസ്കൃതം, ഹിന്ദി, കന്നട, തെലുങ്ക്, മറാഠി തുടങ്ങിയ ഭാഷകളിലുള്ള സ്വാതിതിരുനാളിന്റെ കൃതികൾ.

ഭക്തിസാഹിത്യം, ക്ലാസ്സിക്കൽ സംഗീതം, മോഹിനിയാട്ടം, ഹരികഥ തുടങ്ങിയവയ്ക്ക് അദ്ദേഹത്തിന്റെ സംഭാവനകൾ.

അന്തഃസംഘർഷത്തിന്റെ കാലം

കലാജീവിതത്തോടൊപ്പം രാജ്യഭരണവും സജീവമായി മുന്നോട്ടു പോകവെ, ഉറ്റവരുടെയും ഉടയവരുടെയും അകാലവിയോഗവും, ഭരണകാര്യ

ങ്ങളിൽ ബ്രിട്ടീഷ് ഗവണ്മെന്റ് അതിരുകടന്ന് ഇടപെട്ടപ്പോൾ ഉണ്ടായ മാനസിക ക്ലേശങ്ങളും ദുഃഖാനുഭവങ്ങളുംകൊണ്ട് അന്തഃസംഘർഷം നിറഞ്ഞ ജീവിതത്തിന്റെ മറുവശത്തെപ്പറ്റി ഒരന്വേഷണം.

സംഗീതസപര്യയും ഈശ്വരോപാസനയും

ഭാരതത്തിൽ മോക്ഷപ്രാപ്തിക്കുള്ള ഉപായം എന്ന നിലയിൽ നിർദ്ദേശിച്ചിരുന്ന മാർഗങ്ങളിൽ ഒന്നാണ് നാദോപാസന. ഈ മാർഗത്തിലൂടെ ഈശ്വരസാക്ഷാത്കാരം നേടിയവരാണ് ജയദേവർ, പുരന്ദരദാസർ, അന്നമാചാര്യർ തുടങ്ങിയ മഹാത്മാക്കൾ. ത്യാഗരാജസ്വാമികൾ മുതലായ പില്ക്കാല വാഗ്ഗേയകാരന്മാർക്കും സ്വന്തം കൃതികൾ ഭഗവദർച്ചനോപാധികളായിരുന്നു. ത്യാഗരാജസ്വാമികളുടെ കുലദൈവം ശ്രീരാമനായിരുന്നതുപോലെ സ്വാതിതിരുനാളിന്റെ കുലദൈവം ശ്രീപദ്മനാഭനായിരുന്നു. സഗുണോപാസകനായി ശ്രീപദ്മനാഭന്റെ ചരണങ്ങളിൽ സ്വമാനസത്തെ ഉറപ്പിച്ചു നിർത്തുകയും ഭക്തിസാധനയിലൂടെ ഭൗതികജീവിതവേദനകളിൽ നിന്നും ഭരണപരമായി അനുഭവിക്കേണ്ടിവന്ന അന്തഃസംഘർഷങ്ങളിൽ നിന്നും വിമുക്തിനേടുകയായിരുന്നു അദ്ദേഹത്തിന്റെ ഗാനരചനയുടെ ലക്ഷ്യം. സ്വാതിതിരുനാളിനെ സംബന്ധിച്ചിടത്തോളം അത്തരം പരാമർശം എത്രകണ്ട് ശരിയാണ്, അത് എത്രത്തോളം സാക്ഷാത്കരിക്കപ്പെട്ടു.

പ്രിയജനവിയോഗം

കുഞ്ഞായിരിക്കുമ്പോൾത്തന്നെ സംഭവിച്ച മാതൃവിയോഗവും, തുടർന്ന് സഹോദരീപുത്രൻ, സഹോദരി, പിതാവ്, കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ, വടിവേലു തുടങ്ങിയവരുടെ വേർപാടും ഉണ്ടാക്കിയ മനോവ്യഥ.

പ്രായോപവേശം

പ്രായോപവേശം, പ്രായോപവേശത്തിലൂടെ സ്വാതിതിരുനാളിന്റെ അന്ത്യം എന്നീ വിഷയങ്ങളാണ് ഒന്നാമത്തെ അധ്യായത്തിൽ സാമാന്യപഠനത്തിന് വിധേയമാക്കുന്നത്.

അധ്യായം രണ്ട്

സാഹിത്യത്തിലെ സ്വാധീനതാപഠനം - സൈദ്ധാന്തികതലം

പ്രമേയപരം, ഭാഷാപരം, ശൈലീപരം, ദർശനപരം, തത്ത്വചിന്താപരം, ചമത്കാരപരം എന്നീ വിഭാഗങ്ങളെ അടിസ്ഥാനമാക്കി സ്വാധീനതയുടെ വിവിധമേഖലകളായ അനുകരണം, ആശ്രയിത്വം, അപഹരണം എന്നിവയെ പ്പറ്റിയുള്ള വിചിന്തനവും മേല്പറഞ്ഞ ഘടകങ്ങളെ അടിസ്ഥാനമാക്കി സ്വാതി തിരുനാളിന്റെ മോഹിനിയാട്ടപ്പദങ്ങളുടെ സൈദ്ധാന്തികതലപഠനവുമാണ് ഈ അധ്യായത്തിൽ.

അധ്യായം മൂന്ന്

കൃതികൾ

കർത്തൃസൂചകമുദ്ര, സ്വാതികൃതികളുടെ പ്രകാശനം, സ്വാതിതിരുനാൾ രചിച്ച കീർത്തനം, പ്രബന്ധം(സ്യാനന്ദൂരപുരവർണനപ്രബന്ധം, ഉത്സവ പ്രബന്ധം) കുചേലോപാഖ്യാനം, അജാമിളോപാഖ്യാനം, തില്ലാന, വർണം, പദം, സ്തോത്രകൃതികൾ (ഭക്തിമഞ്ജരി, ശ്രീപദ്മനാഭദശകം,) സംഗീത ശാസ്ത്രഗ്രന്ഥം, അന്യാപദേശശതകവ്യാഖ്യാ, ദശാവതാരരാഗമാലിക, ഹിന്ദുസ്ഥാനീഗീതങ്ങൾ എന്നിവയ്ക്കു പുറമേ സംസ്കൃതം, മലയാളം (മണി-പ്രവാളം), കന്നട, തെലുങ്ക്, ഹിന്ദുസ്ഥാനി തുടങ്ങിയ ഭാഷകളിലായി സ്വാതി തിരുനാൾ രചിച്ച നാനൂറിൽപരം സംഗീതകൃതികൾ, ജാവളി, സ്വരജതി, ഭജൻ,

ശ്ലോകം എന്നിങ്ങനെ ദക്ഷിണേന്ത്യൻ-ഉത്തരേന്ത്യൻ സംഗീതശാഖകളിൽപ്പെടുന്ന ഗാനങ്ങൾ, സ്വാതിതിരുനാളിന്റെ മോഹിനിയാട്ടപ്പദങ്ങളുടെ സ്വരൂപം, പദങ്ങളുടെ ഉള്ളടക്കം എന്നിവയെക്കുറിച്ചുള്ള സാമാന്യമായ ഒരു പഠനമാണ് ഈ അധ്യായത്തിൽ.

അധ്യായം നാല്

മോഹിനിയാട്ടം - ചരിത്രവും സ്വരൂപവും

ദേവദാസീസങ്കല്പം, ദേവദാസിയാട്ടം, കൂത്തും കൂടിയാട്ടവും, തളിനങ്ങമാർ, ദേവദാസികളുടെ പരാമർശം വിവിധകൃതികളിൽ, മോഹിനിയാട്ടത്തിന്റെ ഉദ്ഭവവും കാലാകാലങ്ങളിലുണ്ടായ വളർച്ചയും തളർച്ചയും, മറ്റുകൃതികളിലെ മോഹിനിയാട്ടപരാമർശങ്ങൾ, മോഹിനിയാട്ടത്തിന്റെ തനിമയും വൈശിഷ്ട്യവും, മോഹിനിയാട്ടത്തിന്റെ സ്ഥായിയായ ഭാവം, സ്വീകരിച്ചുവരുന്ന രാഗങ്ങൾ, രാഗഭാവങ്ങൾ, വേഷഭൂഷാദികൾ, വാദ്യോപകരണങ്ങൾ, മോഹിനിയാട്ടത്തിലെ കച്ചേരി ഇനങ്ങൾ, മോഹിനിയാട്ടത്തിൽ ഉപയോഗിക്കുന്ന പദങ്ങളുടെ പ്രത്യേകതകൾ, കേരളത്തിൽ മോഹിനിയാട്ടം പ്രചുരപ്രചാരത്തിൽ വന്നത്, പ്രസിദ്ധരായ മോഹിനിയാട്ട കലാകാരികൾ, കലാസ്ഥാപനങ്ങൾ.

സ്വാതിതിരുനാൾ ഇത്രയധികം മോഹിനിയാട്ടപദങ്ങൾ രചിക്കാനിടയായ സാഹചര്യങ്ങൾ, അദ്ദേഹം മോഹിനിയാട്ടത്തിനു നല്കിയിരുന്ന പ്രാധാന്യം എന്നീ വിഷയങ്ങളുടെ സാമാന്യമായ പഠനം ഈ അധ്യായത്തിൽ നടത്തുന്നു.

അധ്യായം അഞ്ച്

മോഹിനിയാട്ടപ്പദങ്ങളിൽ സംസ്കൃതത്തിന്റെ സ്ഥാനവും അപൂർവപദപ്രയോഗങ്ങളും

ഈ അധ്യായത്തിൽ മുഖ്യമായും ഉള്ളത്- മണിപ്രവാളത്തിന്റെ സ്വരൂപം, മണിപ്രവാളത്തിനുണ്ടായ സ്വീകാര്യത, മണിപ്രവാളമോഹിനിയാട്ടപ്പദങ്ങൾ,

മോഹിനിയാട്ടപ്പദങ്ങളിലെ പ്രയോഗങ്ങൾ, ഗീതഗോവിന്ദം, ഗീതഗോവിന്ദത്തിന്റെ സ്വാധീനത, രാമപുരത്തുവാര്യർ രചിച്ച ഭാഷാഷ്ടപദിയുടെ സ്വാധീനത, ഗീതഗോവിന്ദത്തിലെ ആശയങ്ങളുടെ സ്വാധീനത തുടങ്ങിയവയെപ്പറ്റിയും സ്വാതിതിരുനാളിന്റേതായി ലഭിച്ച അറുപത്തിയഞ്ചു പദങ്ങളിൽ അമ്പതെണ്ണം മണിപ്രവാളത്തിലും പതിനൊന്നെണ്ണം സംസ്കൃതത്തിലും മൂന്നെണ്ണം തെലുങ്കിലും ഒരെണ്ണം കന്നടയിലുമാണ് രചിക്കപ്പെട്ടിട്ടുള്ളതെന്ന പരാമർശത്തെ പ്പറ്റിയുമുള്ള അന്വേഷണം, ഗീതഗോവിന്ദത്തിലെയും ഭാഷാഷ്ടപദിയിലെയും പദസമാഹാരം സമാനകാവ്യഭാഗങ്ങൾ എന്നിവയാണ്.

തുടർന്ന്, നായകനോടു നായിക പരിഭവം പ്രകടിപ്പിക്കുന്നത്, നായിക സംയോഗവേളയിലെ മധുരാനുഭൂതികൾ അനുസ്മരിക്കുന്നത്, കാമുകന്റെയടു ത്തേയ്ക്ക് സഖിയെ നിയോഗിക്കുന്നത്, നായകൻ പൂർവാനുഭവങ്ങൾ അനുസ്മരിച്ച് നായികയെ തന്റെയടുത്തേയ്ക്ക് ക്ഷണിക്കുന്നത് എന്നിങ്ങനെ പദങ്ങളെ വേർതിരിച്ച് ഓരോ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത ഓരോ മണിപ്രവാളപദങ്ങളെക്കുറിച്ചുള്ള പഠനവും, അപൂർവപദപ്രയോഗങ്ങൾ, ക്രിയാപദങ്ങൾ, സംസ്കൃതവിഭക്തിപ്രയോഗങ്ങൾ എന്നിവയാണ് ഈ അധ്യായത്തിലെ പഠനവിഷയങ്ങൾ.

അധ്യായം ആറ്

നളചരിതം, ബാണയുദ്ധം, ഉത്തരാസ്വയംവരം, കീചകവധം, ദക്ഷ യാഗം, രുക്മിണീസ്വയംവരം തുടങ്ങിയ ആട്ടക്കഥകളുടെയും **സ്വപ്നവാസ വദത്തം, ദൂതവാക്യം** എന്നീ ഭാസനാടകങ്ങളുടെയും സ്വാധീനത സ്വാതിതി രുനാളിന്റെ മോഹിനിയാട്ടപ്പദങ്ങളിൽ.

i. നളചരിതം- ഉണ്ണായിവാര്യർ

പദം- ഒരുമയായ് രമിച്ചിരുന്നൊരു മമാപരാധം

അവശം ചെയ്യപ്പെട്ടതോർത്താൽ

കിമു തവ കുശലം, മനുകുലനായക, കിന്നു മയാ കരണീയം......

(നളചരിതം മൂന്നാം ദിവസം, ബാഹുകന്റെ പദം),

ii. ബാണയുദ്ധം - രാമശാസ്ത്രി

രാമശാസ്ത്രി രചിച്ച ബാണയുദ്ധം ആട്ടക്കഥയിലെ-

സാരസാക്ഷിമാരേ! കേൾപ്പിൻ സാദരം മേ വചനം

മാരതാപം വളരുന്നു പാരം മേനി തളരുന്നു.

സുന്ദരിമാരേ! കോകിലവൃന്ദമിതാ കൂകീടുന്നു;

കുന്ദസായകൻ തന്നുടെ വന്ദികളെന്നു തോന്നുന്നു;

മത്തകാശിനിമാർകളിലുത്തമമാരേ! കണ്ടിതോ?

മത്തകളഹംസകുലം ചിത്തജകേളിചെയ്യുന്നു,

iii. ഉത്തരാസ്വയംവരം - ഇരയിമ്മൻ തമ്പി

പദം- സമയം മതിമോഹനം, മമ

സമീപമതിൽ വന്നീടുക നീ, നല്ല (സമയം)

രമണീയത കലരും മലർവാടിയിൽ

രതിനായക കളിയാടുവതിനു (സമയം),

iv. കീചകവധം - ഇരയിമ്മൻ തമ്പി

പദം - അധരിതസുധാമധുരമാകുന്ന നിന്നുടയ

അധരമധുപാനമതിലാശ വളരുന്നു,

v. ദക്ഷയാഗം - ഇരയിമ്മൻ തമ്പി

പല്ലവി പൂന്തേൻ വാണി! ശൃണു മമ വാണീ

പൂവണിഘനവേണി!

അ.പ. കാന്തേ! സമയമഹോ രമണീയം

കനിവൊടു വിലസുന്നു രജനീയം.

ച.1 കണ്ടാലും ശശിബിംബമുദാരം

കണ്ഠേകാളജടാലങ്കാരം

തണ്ടാർബാണമഹോത്സവദീപം

തരുണി! നിരാകൃത തിമിരാടോപം

(ദക്ഷയാഗം പുറം 5),

vi. രുക്മിണീസ്വയംവരം - അശ്വതിതിരുനാൾ രാമവർമ്മ ഇളയതമ്പുരാൻ

1. കചനിചയം കുരു സുമനോരുചിരം,

കലയ മയാ സഹ രതിപതിസമരം

(ഭീഷ്മകപത്നിയുടെ പദം, പുറം 44)

2. പല്ലവി. ദൈവമേ എന്തിനി ചെയ്‌വതിന്നധുനാ?

അ.പ. ഏവം വരുമെന്നതു ചിന്തചെയ്തീലഹോ.

(രുക്മിണിയുടെ പദം, പും 52), എന്നിങ്ങനെ

കഥകളിപ്പദങ്ങളിലെ സമാനപദങ്ങളുടെ സ്വാധീനത, തുടർന്ന്

vii. ഭാസപ്രയോഗങ്ങളുടെ സ്വാധീനം-

സ്മരനു ബാണം ശതമോ?...(ദളം 38, ചരണം 2) എന്നിടത്ത് , മഹാ കവി ഭാസനെയും അതിശയിക്കുന്ന സ്വാതിതിരുനാളിന്റെ പ്രയോഗവൈഭവം. വാസവദത്ത തീപ്പെട്ടെന്നറിഞ്ഞ് പത്മാവതിയിൽ അനുരക്തനായ ഉദയനൻ പറയുന്നു- 'അന്നു വാസവദത്തയെ കണ്ടപ്പോൾ കാമദേവൻ അഞ്ചമ്പും എന്നിൽ എയ്തു. ഇന്ന് പദ്മാവതിയെകണ്ടപ്പോൾ അവളിലും അനുരാഗം ജനി ച്ചിരിക്കുന്നു. അയ്യമ്പനായ കാമദേവൻ ആറാമതൊരസ്ത്രം എങ്ങനെ എയ്തു?' എന്ന സ്വപ്നവാസവദത്തത്തിലെയും, സർവലോകോത്സവഃ സവഃ എന്ന ദൂതവാക്യത്തിലെയും മഹാകവി ഭാസന്റെ പ്രയോഗങ്ങളുടെ സ്വാധീനത്തെ പ്പറ്റിയും, അപൂർവപദങ്ങളുടെയും ക്രിയകളുടെയും പ്രയോഗം എന്നതിനെ പറ്റിയും ഉള്ള അന്വേഷണമാണ് ഈ അധ്യായത്തിൽ.

അധ്യായം ഏഴ്

ഉപസംഹാരം

മുകളിൽ പ്രസ്താവിച്ച വിഷയങ്ങളുടെ പഠനത്തിൽ നിന്നു കിട്ടിയ അറിവുകളുടെ ക്രോഡീകരണമാണ് ഉപസംഹാരാധ്യായത്തിൽ.

അസമശരസമൻ, കുന്ദസമദന്തി, സാമജസുഗമ, ഇന്ദിന്ദിരാരവം, തുടങ്ങി അപൂർവങ്ങളായ സംസ്കൃതസമസ്തപദങ്ങളുടെ പ്രയോഗം; ഗീതഗോവിന്ദം, രാമപുരത്തുവാര്യരുടെ ഭാഷാഷ്ടപദി, ഹിന്ദീഗീതങ്ങൾ, കഥകളിപ്പദങ്ങൾ, ഇരയിമ്മൻ തമ്പിയുടെ കൃതികൾ, മഹാകവി ഭാസന്റെ സ്വപ്നവാസവദത്തം, ദൂതവാക്യം എന്നീ രൂപകങ്ങൾ എന്നിവയുടെ സ്വാധീനവും; നിഷ്കൃഷ്ടമായ പഠന-മനന-നിദിധ്യാസനങ്ങളിലൂടെ പകർന്നു കിട്ടിയ അറിവും അനുകൂല സാഹചര്യങ്ങളും മോഹിനിയാട്ടത്തിന്റെ ലാസ്യഭംഗിയും കൂടിച്ചേർന്നപ്പോൾ, നിയതിയുടെ നിയോഗംപോലെ, കലോപാസകനായ മഹാരാജാവിന്റെ ഭാവലോലമായ ഹൃദയത്തിൽ നിന്ന് നിർഗളിച്ച ഗാനനിർഝരികളാണ് മോഹിനിയാട്ടപ്പദങ്ങൾ. മേല്പറഞ്ഞ ഘടകങ്ങൾ മോഹിനിയാട്ടപ്പദങ്ങളുടെ രചനയ്ക്കും അവയുടെ സർഗാത്മകസൗന്ദര്യത്തിനും എങ്ങനെ സഹായകമായി എന്ന കണ്ടെത്തലാണ് ഈ അധ്യായത്തിൽ നടത്തിയിരിക്കുന്നത്.